**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6778** **21-03-2023 - ൽ മറുപടിയ്ക്ക്**

**തൊഴിൽ മേഖലയെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ശശി,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. സി.സി. മുകുന്ദൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | രാജ്യത്തിന് മാതൃകയാകുന്ന തരത്തിലുള്ള മികച്ച തൊഴിൽ സംസ്കാരവും തൊഴിൽ സൗഹൃദ അന്തരീക്ഷവും സൃഷ്ടിക്കുന്നതിൽ സംസ്ഥാന സർക്കാർ അനുവർത്തിച്ചു വരുന്ന തൊഴിൽ നയങ്ങൾ നിർണ്ണായകമായിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | രാജ്യത്തിന് മാതൃകയാകുന്ന തരത്തിലുള്ള മികച്ച തൊഴിൽ സംസ്കാരവും തൊഴിൽ സൗഹൃദ അന്തരീക്ഷവും സൃഷ്ടിക്കുന്നതിൽ സംസ്ഥാന സർക്കാർ അനുവർത്തിച്ചു വരുന്ന തൊഴിൽ നയങ്ങൾ നിർണ്ണായകമായിട്ടുണ്ട്.<br><br>സംസ്ഥാനത്തിന്റെ സർവ്വതോന്മുഖമായ വികസനം ലക്ഷ്യം വച്ച് സമസ്ത മേഖലകളെയും ഉൾപ്പെടുത്തിയാണ് തൊഴിൽ നയത്തിന് അംഗീകാരം നൽകിയത്. കേരളത്തിന്റെ സാമൂഹിക സാമ്പത്തിക മേഖലകളുടെ സമഗ്രമായ വളർച്ചയും തൊഴിലാളി സമൂഹത്തിന്റെ ക്ഷേമവും സാമൂഹ്യ സുരക്ഷയും ഉറപ്പാക്കി കേരളത്തെ ഒരു തൊഴിലാളി സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിന് തൊഴിൽ നയം ലക്ഷ്യമാക്കുന്നു.<br><br>സംസ്ഥാനത്ത് ഉത്പ്പാദനക്ഷമതയിൽ ഊന്നിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക, തൊഴിൽ വൈദഗ്ധ്യം വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ വിഭാവനം ചെയ്യുക, മെച്ചപ്പെട്ട വേതനം ലഭിക്കത്തക്ക തൊഴിലവസരങ്ങളിൽ സ്ത്രീകൾക്ക് കൂടുതൽ അവസരം സൃഷ്ടിച്ച് ലിംഗസമത്വം ഉറപ്പുവരുത്തുക, തൊഴിലാളികൾക്ക് ന്യായമായ വേതനവും ആരോഗ്യസുരക്ഷയും ഉറപ്പാക്കുക തുടങ്ങി നിരവധി ലക്ഷ്യങ്ങളുടെ പൂർത്തീകരണത്തിന് ഊന്നൽ നൽകിയാണ് തൊഴിൽ നയം രൂപീകരിച്ചിട്ടുള്ളത്. സമസ്ത മേഖലയിലെയും തൊഴിലാളികൾക്ക് മാന്യമായ വേതനവും സാമൂഹ്യ സുരക്ഷയും ഉറപ്പുവരുത്തുമെന്ന് തൊഴിൽ നയത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. തൊഴിൽ തർക്കങ്ങൾ പരമാവധി ഒഴിവാക്കുന്നതിന് സുദൃഢമായ തൊഴിലാളി തൊഴിലുടമ ബന്ധം ഉറപ്പാക്കുന്നതിനും തൊഴിൽ |

| | | | |
|---|---|---|---|
| | | | തർക്കങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടുന്ന എല്ലാ വിഭാഗം തൊഴിലാളികൾക്കും മിനിമം വേതനം ഉറപ്പുവരുത്തുന്നതിനും തൊഴിൽ നയം സഹായകരമായിട്ടുണ്ട്.<br><br>കൂടാതെ ബാലവേല നിർമ്മാർജന പ്രവർത്തനങ്ങൾ, അതിഥി തൊഴിലാളികളുടെ സംരക്ഷണം, പ്ലാന്റേഷൻ മേഖലയിലെ പ്രശ്നങ്ങളുടെ പരിഹാരം, സ്വയം തൊഴിൽ ചെയ്യുന്നവരുൾ-പ്പെടെയുള്ള അസംഘടിത മേഖലകളിലെ തൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക സുരക്ഷയും തൊഴിൽ നയം ഉറപ്പുവരുത്തുന്നു. |
| (ബി) | തൊഴിലാളികളുടെ അവകാശ സംരക്ഷണത്തിനും സാമൂഹ്യ സുരക്ഷിതത്വത്തിനും സഹായകമാകുന്ന നിയമപരിഷ്കാരങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് എത്രത്തോളം കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | തൊഴിലാളികളുടെ അവകാശ സംരക്ഷണത്തിനും സാമൂഹ്യ സുരക്ഷിതത്വത്തിനും സഹായകമാകുന്ന നിയമ പരിഷ്കരണങ്ങൾ തൊഴിൽ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നുണ്ട്.<br><br>2018-ലെ കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമ ഭേദഗതി പ്രകാരം തൊഴിലാളികൾക്ക് ജോലി സ്ഥലത്ത് ഇരിക്കുന്നതിനുള്ള ഇരിപ്പിട സൗകര്യം തൊഴിലുടമ ഏർപ്പെടുത്തി നൽകണമെന്ന് വ്യവസ്ഥ ചെയ്യുന്നു. ജോലി സ്ഥലത്ത് സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിനും അവരുടെ അന്തസും സുരക്ഷയും സംരക്ഷിക്കുന്നതിനും ആയി തൊഴിലുടമ ഏർപ്പെടുത്തി നൽകേണ്ട സൗകര്യങ്ങളും ടി നിയമ ഭേദഗതി വ്യവസ്ഥ ചെയ്യുന്നു.<br><br>1968-ലെ മെറ്റേണിറ്റി ബെനിഫിറ്റ് ആക്ട് പ്രകാരം മെറ്റേണിറ്റി അവധി 26 ആഴ്ചയായി ഉത്തരവായിട്ടുണ്ട്. ടി ഉത്തരവ് കേരളത്തിലെ സ്വകാര്യ മേഖലയിലെ സ്ഥാപനങ്ങൾക്കും സ്വകാര്യ/ അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ബാധകമാക്കി ഉത്തരവായിട്ടുണ്ട്. കൂടാതെ 50-ഓ അതിലധികമോ തൊഴിലാളികളുള്ള സ്ഥാപനങ്ങളിൽ ക്രഷ് സൗകര്യം തൊഴിലുടമ നൽകണമെന്ന വ്യവസ്ഥയും നിയമ ഭേദഗതിയിലൂടെ കൊണ്ടുവന്നിട്ടുണ്ട്. |
| (സി) | അസംഘടിത മേഖലയിൽ തൊഴിലെടുക്കുന്നവരുടെ ക്ഷേമവും സുരക്ഷയും ഉറപ്പാക്കുന്നതിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (സി) | അസംഘടിത മേഖലയിൽ തൊഴിലെടുക്കുന്നവരുടെ ക്ഷേമവും സുരക്ഷയും ഉറപ്പാക്കുന്നതിനു ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>**<u>അസംഘടിത തൊഴിലാളികൾക്കുള്ള സാമൂഹ്യ സുരക്ഷാ പദ്ധതി</u>** |

അസംഘടിത തൊഴിലാളികൾക്കുള്ള സാമൂഹ്യ സുരക്ഷാ നിയമം 31/12/2008-ലാണ് നിലവിൽ വന്നത്. ഈ നിയമം നടപ്പിലാക്കുന്നതിനായി സംസ്ഥാന ബോർഡ് രൂപീകരിച്ചിട്ടുണ്ട്. കൂടുതൽ തൊഴിലാളികൾക്ക് പ്രയോജനം ലഭിക്കുന്നതിനും ഉപഭോക്തൃ വിന്യാസം യുക്തിസഹമാക്കുന്നതിനും നിലവിലുള്ള ചില ക്ഷേമനിധി ബോർഡുകളും സംസ്ഥാന പദ്ധതികളും ഏകോപിപ്പിക്കുന്നതിനുമാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്.

**<u>അസംഘടിത മേഖലയിലെ തൊഴിലാളി- കൾക്കുള്ള സാമൂഹ്യ സംരക്ഷണം</u>**

അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള സംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ശാക്തീകരിക്കുന്നതിനുമായി അസംഘടിത ദിവസ വേതന തൊഴിലാളികൾക്കുള്ള ആശ്വാസനിധി, അവശതയനുഭവിക്കുന്ന മരംകയറ്റ തൊഴിലാളികൾക്കുള്ള പെൻഷൻ പദ്ധതി, അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യങ്ങൾ എന്നീ മൂന്ന് വ്യത്യസ്ത കർമ്മ പദ്ധതികൾ ഏകോപിപ്പിച്ച് അസംഘടിത മേഖല തൊഴിലാളി സംരക്ഷണം എന്ന ഒറ്റ പദ്ധതിയാക്കി വിവിധ ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് നൽകി വരുന്നു.

**<u>പരമ്പരാഗത മേഖലയിലെ തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളവർക്കുള്ള വരുമാനം ഉറപ്പാക്കൽ പദ്ധതി</u>**

സംസ്ഥാനത്തെ പരമ്പരാഗത തൊഴിൽ മേഖലയായ കയർ, ഫിഷറീസ്, കൈത്തറി, ഖാദി, ഈറ്റ, പനമ്പ്, ബീഡി & സിഗാർ എന്നീ മേഖലയിൽ തൊഴിലാളികൾക്ക് വർഷത്തിൽ 100 ദിവസമെങ്കിലും നിശ്ചയിക്കപ്പെട്ട മിനിമം കൂലി വരുമാനമായി ലഭിക്കത്തക്ക വിധത്തിൽ യഥാർത്ഥത്തിൽ ലഭിക്കുന്ന വരുമാനവുമായുള്ള അന്തരം കണക്കാക്കി കുറഞ്ഞത് 1,250 രൂപ ഒരു തൊഴിലാളിയ്ക്ക് സാമ്പത്തിക സഹായമായി ഇൻകം സപ്പോർട്ട് സ്കീം മുഖേന അനുവദിച്ച് വരുന്നു.

കൂടാതെ അസംഘടിത മേഖലയിൽ തൊഴിലെടുക്കുന്നവരുടെ ക്ഷേമവും സുരക്ഷയും ഉറപ്പുവരുത്തുന്നതിന് വേണ്ടി തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ക്ഷേമനിധി ബോർഡുകളിൽ അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് അംഗങ്ങളാകാവുന്ന ബോർഡുകൾ വഴി പെൻഷൻ, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം,

| | | | |
|---|---|---|---|
| | | | ചികിത്സാ ധനസഹായം, പ്രസവാനുകൂല്യം, വിദ്യാഭ്യാസ ധനസഹായം മുതലായ ആനുകൂല്യങ്ങൾ നൽകി വരുന്നു. |
| (ഡി) | അതിഥി തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പദ്ധതി, സാമൂഹ്യ സുരക്ഷാ പദ്ധതി തുടങ്ങി മികച്ച ആനുകൂല്യങ്ങൾ ഉറപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | (ഡി) | അതിഥി തൊഴിലാളികൾക്ക് മികച്ച ആനുകൂല്യങ്ങൾ ഉറപ്പാക്കുന്നതിന് വേണ്ടി സ്വീകരിച്ചിട്ടുള്ള പദ്ധതികളുടെയും, പ്രവർത്തനങ്ങളുടെയും വിവരം ചുവടെ ചേർക്കുന്നു.<br><br><u>അതിഥി തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പദ്ധതി (ആവാസ് പദ്ധതി)</u><br><br>കേരളത്തിൽ ജോലി ചെയ്യുന്ന ഇതര സംസ്ഥാന കുടിയേറ്റ തൊഴിലാളികളെ രജിസ്റ്റർ ചെയ്യുന്നതിനായി 2017 ലാണ് ആവാസ് പദ്ധതി ആരംഭിച്ചത്. വിവരശേഖരണം, രജിസ്ട്രേഷൻ, ആരോഗ്യ ഇൻഷ്വറൻസ്, തിരിച്ചറിയൽ കാർഡ് വിതരണം എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യം. രജിസ്റ്റർ ചെയ്ത അംഗങ്ങൾക്ക് ചിസ്-പ്ലസ് എംപാനൽ ചെയ്ത കേരളത്തിലെ സർക്കാർ ആശുപത്രികളിൽ 25,000/- രൂപ വരെ കിടത്തി ചികിത്സ സൗകര്യം ലഭിക്കും. രജിസ്റ്റർ ചെയ്ത അംഗങ്ങൾക്ക് 2 ലക്ഷം രൂപയുടെ അപകട മരണ ഇൻഷ്വറൻസും, ഒരു ലക്ഷം രൂപ വരെയുള്ള വൈകല്യ ഇൻഷ്വറൻസും ലഭിക്കും. ഏകദേശം 516320 അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളികൾ 31/8/2022 വരെ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br><br><u>അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി 2010</u><br><br>അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി, കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് വഴിയാണ് നടപ്പിലാക്കുന്നത്. മരണ ആനുകൂല്യം, അപകട മരണ ആനുകൂല്യം, ദുരിതാശ്വാസ ഫണ്ട്, ഗുരുതരമായ രോഗങ്ങൾക്കുള്ള ചികിത്സാ ആനുകൂല്യം, ചികിത്സാ ആനുകൂല്യം, ടെർമിനൽ ആനുകൂല്യം, വിദ്യാഭ്യാസ ഗ്രാന്റ്, പ്രസവാനുകൂല്യം, മൃതദേഹങ്ങൾ അവരുടെ നാട്ടിലേക്ക് കൊണ്ടുപോകുന്നതിനുള്ള ഫണ്ട് എന്നിവ ഈ പദ്ധതി പ്രകാരം നൽകുന്നു.<br><br><u>അതിഥി ആപ്പ്</u><br><br>അന്തർസംസ്ഥാന കുടിയേറ്റ തൊഴിലാളികളുടെ വിശദാംശങ്ങൾ ശേഖരിക്കുന്നതിനും ആരോഗ്യ സുരക്ഷാ സൗകര്യങ്ങൾ നല്കുന്നതിനുമായി തൊഴിൽ |

| | | | |
|---|---|---|---|
| | | | വകുപ്പ് വികസിപ്പിച്ച "അതിഥി പോർട്ടൽ" എന്ന വെബ് പോർട്ടൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br><br><u>ഇതര സംസ്ഥാന കുടിയേറ്റ തൊഴിലാളികൾക്ക് താമസ സൗകര്യം പ്രദാനം ചെയ്യൽ (അപ്നാഘർ)</u><br><br>സംസ്ഥാനത്ത് എത്തുന്ന അതിഥി തൊഴിലാളികൾക്ക് ചെലവ് കുറഞ്ഞ ഹോസ്റ്റൽ സൗകര്യം പ്രദാനം ചെയ്യുന്ന പദ്ധതിയാണിത്.<br><br><u>ഗസ്റ്റ് വർക്കേഴ്സ് ഫ്രണ്ട്‌ലി റസിഡൻസ് ഇൻ കേരള – ആലയ്</u><br><br>സംസ്ഥാനത്ത് താമസിച്ചു വരുന്ന എല്ലാ അതിഥി തൊഴിലാളികൾക്കും ശുചിത്വവും സുരക്ഷിതത്വവുമുള്ള താമസസൗകര്യം ഉറപ്പാക്കുന്നതിനുള്ള പദ്ധതിയാണിത്.<br><br>കൂടാതെ വിവിധ മേഖലകളിൽ ജോലി നോക്കുന്ന അന്യ സംസ്ഥാന തൊഴിലാളികളുടെ ക്ഷേമവും ആരോഗ്യവും സുരക്ഷയും ഉറപ്പാക്കുന്നതിനായി മെഡിക്കൽ ക്യാമ്പ് / ബോധവത്ക്കരണ പരിപാടികൾ എന്നിവ തൊഴിൽ വകുപ്പ് മുഖേന നടത്തി വരുന്നുണ്ട്. സംസ്ഥാന സർക്കാരിന്റെ ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി അതിഥി തൊഴിലാളികൾക്കിടയിൽ കവച് 2022 എന്ന പേരിൽ സംസ്ഥാനമൊട്ടാകെ ലഹരി വിരുദ്ധ ബോധവത്കരണത്തിനായി നിരവധി പരിപാടികൾ സംഘടിപ്പിച്ചിരുന്നു. ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ